ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസികളുടെ സഹായത്തോടെ മത്സ്യ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും സഹായം നൽകുന്നുണ്ട്.

2 (431) സമുദ്രോൽപ്പന്ന വ്യവസായം

ശ്രീ. പി. രാജു :
ശ്രീ. സത്യൻമൊകേരി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രോൽപ്പന്ന വ്യവസായമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് എത്ര തുക കുടിശ്ശിക യിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്;

(ഇ) തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) 31.12.99 വരെ അസസ്സ് ചെയ്ത കണക്ക് പ്രകാരം 24.01 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

(ഇ) കളക്ഷൻ ക്യാമ്പുകൾ നടത്തിയും, കുടിശ്ശികക്കാരെ നേരിൽ ചെന്ന് കണ്ടും ആർ ആർ നടപടികളിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3 (432) ജനകീയ മത്സ്യക്കൃഷി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ജനകീയ മത്സ്യക്കൃഷിയുടെ പുരോ ഗതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഓരോ ജലാശയങ്ങളിലും മത്സ്യക്കൃഷി നടത്തുന്നതിന് പദ്ധതി യുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ത്രീകളെയും, ഉൾനാടൻ മത്സ്യത്തൊഴിലാളികളേയും പ്രസ്തുത സമ്പാദ്യ ആശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ പ്രയോജനം എന്നെത്തേയ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1997-98 മുതൽ നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ജലാശയത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ് പതിവ്. സ്വകാര്യ മേഖലയിൽ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ചെറുകുളങ്ങളിലും ഡാമുകളിലും ഉടമസ്ഥന്റെ നേതൃത്വത്തിൽ 'സമഗ്ര മത്സ്യക്കൃഷി' പദ്ധതിയും പഞ്ചായത്തുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള കുളങ്ങളിലും ടാങ്കുകളിലും മത്സ്യക്കൃഷി നടത്തുന്നതിനായി സമീപവാസികൾക്ക് പാട്ട വ്യവസ്ഥയിൽ അനുവദിക്കുകയും ചെയ്യുന്നു. നെൽക്കൃഷിക്കുശേഷം വെള്ളംകേറി ഉപയോഗശൂന്യമായികിടക്കുന്ന പാടശേഖരങ്ങളിൽ കൊയ്ത്തിനുശേഷം പാടശേഖരസമിതിയുടേയോ, പാടശേഖര ഉടമകളുടേയോ കൂട്ടായ പങ്കാളിത്തത്തോടെ മത്സ്യക്കൃഷി ചെയ്യുന്നതിനുള്ള പദ്ധതികളും നിലവിലുണ്ട്. മത്സ്യക്കൃഷി നടത്തുന്നതിന് ആവശ്യമായ സാംസ്ക്കാരിക സഹായം, പരിശീലനം എന്നിവ ഫിഷറീസ് വകുപ്പ് എഫ്.എഫ്.ഡി.എ എന്നിവ വഴി നൽകിവരുന്നു. മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുകയും സൗജന്യ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

(സി&ഡി) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ ആശ്വാസ പദ്ധതിയിൽ സ്ത്രീകളെയും ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തണമെന്ന്, കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

4 (433) മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly